**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3656** **14-07-2022 - ൽ മറുപടിയ്ക്ക്**

**പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടു നൽകുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ച നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടു നൽകുന്ന കാര്യം സംബന്ധിച്ച് റയിൽവേ അധികൃതരുമായി 18/12/18 ൽ ഫിഷറീസ് മന്ത്രിയുടെ ചേംബറിൽ വച്ച് യോഗം കൂടിയിരുന്നു.<br><br>കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം 171ൽ റീസർവ്വേ നം 61ൽ 38.19 ആർസ്, ബ്ലോക്ക് നം 170ൽ റീസർവ്വേ നം 4ൽ 01.0562 ഹെക്ടർ, ബ്ലോക്ക് 169ൽ റീസർവ്വേ 30ൽ 37.40 ആർസ് സ്ഥലങ്ങൾ പുള്ളിക്കട ഭാഗത്തെ റയിൽവേ പുറമ്പോക്ക് സ്ഥലങ്ങളാണ്. പുള്ളിക്കട ചേരി നിവാസികളുടെ പുനരധിവാസത്തിനാവശ്യമായ കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം.170ൽ റീസർവ്വേ 4 ൽപ്പെട്ട 01. 0562 ഹെക്ടർ റയിൽവേ പുറമ്പോക്ക് സ്ഥലം റയിൽവേ അധികൃതരിൽ നിന്നും കോർപ്പറേഷന് കൈമാറുന്നതിന് 4,00,82,790/-രൂപ വില നിർണ്ണയിച്ചിട്ടുള്ളതാണ്. ടി വില സ്വീകാര്യമല്ലാത്തതിനാൽ ടി സ്ഥലം സർവ്വേ ചെയ്ത് ചേരിയുടെ പുനരധിവാസത്തിന് ആവശ്യമായ സ്ഥലത്തിന്റെ കമ്പോളവില നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും എക്സ്റ്റെന്റിൽ വ്യത്യാസമുണ്ടെന്ന് റയിൽവേ അധികൃതർ യോഗത്തിൽ അറിയിച്ചതിൻ പ്രകാരം റയിൽവേ കോർപ്പറേഷൻ, റവന്യൂ അധികൃതർ എന്നിവരുടെ സംയുക്ത സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസം വരുത്താതെ സർവ്വേ നടപടികൾ ആരംഭിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടർ സർവ്വേ ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ